# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1757     11.2.2013-ൽ മറുപടിയ്ക്ക്**

**കാട കോഴി വളർത്തൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കേന്ദ്ര വനം -പരിസ്ഥിതി വകുപ്പ് കാട കോഴി വളർത്തൽ നിരോധിച്ചിട്ടുണ്ടോ;കേരളത്തിലും നിരോധനം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; പ്രസ്തുത നിരോധനത്തിനെതിരെ നിലവിൽ കോടതി വിധിയുണ്ടോ; | എ) | കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ 22.9.2011-ലെ എഫ് നമ്പർ 3-3/2011/ഡബ്ളിയുഎൽ/1 കത്തിൻ പ്രകാരം ഇന്ത്യയിലെ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും കാട കൃഷിക്ക് പുതിയതായി അനുമതി നൽകരുതെന്നും നിലവിലുള്ള കാടവളർത്തൽ കേന്ദ്രങ്ങൾക്ക് വികസനത്തിനും വിപുലീകരണത്തിനും അനുമതി നൽകരുതെന്നും നിർദ്ദേശം ലഭിച്ചിരുന്നു.<br>പ്രസ്തുത നിരോധനത്തിനെതിരെ നിലവിൽ കോടതി വിധി ഉള്ളതായി അറിയില്ല. |
| ബി) | സംസ്ഥാന ജന്തുക്ഷേമ ബോർഡ് കൂട്ടിലടച്ചുള്ള പക്ഷിവളർത്തലിനെതിരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;എങ്കിൽ ആ ഉത്തരവ് കോഴി വളർത്തലിനും കാട കോഴി വളർത്തലിനും ബാധകമാണോ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ; | ബി) | ഇല്ല |
| സി) | കാട കോഴി വളർത്തൽ നിരോധിച്ചതിനെത്തുടർന്ന് നബാർഡ് പോലുള്ള സ്ഥാപനങ്ങൾ കാട കോഴി വളർത്തലിന് വായ്പകൾ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) | ഉണ്ട്. |
| ഡി) | കാട കോഴി ഇറച്ചിയും മുട്ടയും പോഷകഗുണവും ഔഷധഗുണവും ഉള്ളതാണെന്നിരിക്കെ ഈ തൊഴിലിനെ പ്രോത്സാഹിപ്പിക്കാനും നിലവിലെ | ഡി) | കേരളത്തിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരുന്ന കർഷകരെ സഹായിക്കാനും പ്രോത്സാഹിപ്പിക്കുവാനും |

| | |
|---|---|
| പ്രതിസന്ധി പരിഹരിക്കാനും എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ആവശ്യമായ നടപടികൾക്കായി വിഷയം കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും അതിൻപ്രകാരം ഐ.സി.എ.ആർ ന്റെ 2012 ജൂൺ 15,16 എന്നീ തീയതികളിൽ നടന്ന മീറ്റിംഗിൽ ചർച്ച ചെയ്യുകയും അതിൻ പ്രകാരം ഭാരത സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ തീരുമാനിക്കുകയും ചെയ്യിരുന്നു.<br>മേൽ പറഞ്ഞ നടപടി പ്രകാരം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കാനായി കാട വളർത്തലിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ നക്കൽ തയ്യാറാക്കിയിട്ടുള്ളതായി കേരള പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ (വന്യജീവി) അറിയിപ്പ് ലഭിച്ചിട്ടുണ്ട്. |

Seele

**സെക്ഷൻ ഓഫീസർ**